# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2729** **06.02.2018 ലെ മറുപടി**

## നീർത്തട-നദീതട സംരക്ഷണം

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള :**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഈ സർക്കാർ, നീർത്തട-നദീതട സംരക്ഷണത്തിനും ജലഭ്യത ഉറപ്പ വരുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എ) ജലസംരക്ഷണത്തിനുള്ള ശാസ്ത്രീയമായ മാർഗ്ഗമായ നീർത്തടാധിഷ്ഠിത മണ്ണ് - ജല സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)യുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ചെറുനീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ബ്ലോക്ക് തലത്തിൽ നീർത്തടമാസ്റ്റർ പ്ലാനുകളായും ജില്ലാ തലത്തിൽ നദീതട പ്ലാനുകളായും മാറ്റുന്നതിന് സാങ്കേതിക സമിതികൾ (വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ അടങ്ങിയത്) രൂപീകരിച്ചിട്ടുണ്ട്. ഇവർക്കാവശ്യമായ നീർത്തടമാപ്പുകളും ലഭ്യമാക്കിക്കഴിഞ്ഞു. വിവിധ വകുപ്പുകൾ നിലവിൽ ഏറ്റെടുത്തു നടത്തി വരുന്ന പ്രവൃത്തികൾ മേൽപ്പറഞ്ഞ സമിതി തയ്യാറാക്കുന്ന നീർത്തട പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ഓരോ പ്രദേശത്തെയും ജലസംരക്ഷണം ഉറപ്പാക്കാൻ സാധിക്കും. ഇതു വഴി തോടുകളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലലഭ്യത ഉറപ്പാക്കാൻ കഴിയുക വഴി നദികളിലെ നീരൊഴുക്ക് ഒരു പരിധി വരെ വർദ്ധിപ്പിക്കുന്നതിന് ഇടയാക്കും. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തോടുകൾ, കുളങ്ങൾ, ചെറു നദികൾ എന്നിവ മാലിന്യ മുക്തമാക്കി വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

| | |
|---|---|
| (ബി) അവ നടപ്പാക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) നീർത്തടാടിസ്ഥാനത്തിൽ നദീസംരക്ഷണ പദ്ധതികൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നീർത്തട പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും (സർക്കാർ ഉത്തരവ് പി.നം.20/2017/ജവിവ തീയതി 23.10.2017) തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള സാങ്കേതിക സമിതികൾ യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**